## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി -മാർഗ്ഗരേഖ - 2012-13 വാർഷിക പദ്ധതി അംഗീകാരം - ഡി.പി.സി.യ്ക്ക് സമർപ്പിക്കുന്നതിനുമുമ്പ് പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(എം.എസ്)നം.320/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 01 /12/2012.

---

പരാമർശം:-1. 18.08.2012 ലെ സ.ഉ(എം.എസ്.)നം.225/12/തസ്വഭവ.

2.30.10.2012 ലെ സ.ഉ(എം.എസ്.)നം.277/12/തസ്വഭവ.

### ഉത്തരവ്

പരാമർശ ഉത്തരവുകൾ പ്രകാരം (ഖണ്ഡിക 12.2) പദ്ധതി രേഖയും അനുബന്ധ രേഖകളും ഡി.പി.സി.യ്ക്ക് സമർപ്പിച്ച ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർ നടപടികൾ സ്വീകരിക്കാമെന്ന് ഉത്തരവായിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം പദ്ധതി രൂപീകരണത്തിൽ, എല്ലാ പദ്ധതികളും മേലുദ്യോഗസ്ഥന്റെ അംഗീകാരം ലഭിച്ച് സെക്രട്ടറി വാലിവേഷൻ നടത്തി പദ്ധതി രേഖ ഡി.പി.സി.യ്ക്ക് സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാൽ പദ്ധതി രേഖ പൂർത്തിയാക്കി, ഡി.പി.സി.യ്ക്ക് സമർപ്പിക്കുന്നതിനുമുമ്പ് പദ്ധതി അംഗീകരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശ (1) ഉത്തരവിലെ ഖണ്ഡിക 12.2 ലേയും പരാമർശ (2 ) ഉത്തരവിലേയും വ്യവസ്ഥകൾ ഇളവു ചെയ്ത് ഈ സാമ്പത്തിക വർഷം (2012-13) പദ്ധതി രേഖ ഡി.പി.സി.യ്ക്ക് സമർപ്പിക്കുന്നതിന് മുമ്പ് പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഴുവൻ പദ്ധതികളും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രേഖയും അനുബന്ധ രേഖകളും ഡി.പി.സി.യ്ക്ക് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

വി.എസ്.സെന്തിൽ

പ്രിൻസിപ്പൽ സെക്രട്ടറി.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ.**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും , സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. എല്ലാ ജില്ലാ കലക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി മാർക്കും
8. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
9. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ളാനിംഗ് ബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ